പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3584 26.06.2012-ൽ മറുപടിയ്ക്ക്

# ശബരിമലയിലെ വൈദ്യുതി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. പി. എ. മാധവൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ശബരിമലയിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ശബരിമലയിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തെ ഓവർഹെഡ് ലൈനുകൾ മാറ്റി പകരം ഭൂഗർഭ കേബിളുകളും, ഏരിയൽ ബഞ്ച് കേബിളുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ, ആർ. എ. പി. ഡി. ആർ. പി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിയ്ക്കാമോ; | (ബി) ശബരിമല പ്രദേശത്തെ ഓവർഹെഡ് ലൈനുകൾ മാറ്റി പകരം ഭൂഗർഭ കേബിളുകളും ഏരിയൽ ബഞ്ച് കേബിളുകളും ആക്കി പ്രസ്തുത പ്രദേശത്തെ വൈദ്യുത വിതരണ ശൃംഖല നവീകരിയ്ക്കുകയും, വൈദ്യുതി വിതരണം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. |
| (സി) ഇതുസംബന്ധിച്ച പദ്ധതിരേഖ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | (സി) സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി എന്ന് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ ? | (ഡി) ശബരിമല പ്രദേശത്തെ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പത്തനംതിട്ട ആർ. എ. പി. ഡി. ആർ. പി പദ്ധതിയുടെ പുതുക്കിയ പദ്ധതിക്കുറിപ്പിന് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.